മാതൃഭൂമി • 2011 ആഗസ്റ്റ് 27 • ശനിയാഴ്ച

## 'തറവാട്' പ്രീമിയം ഓൾഡേജ് റിട്രീറ്റ് ഹോം തവനൂരിൽ

**കൊച്ചി:** വാർദ്ധക്യത്തിലെത്തിയവർക്കായി ആധുനിക സൗകര്യങ്ങളടക്കമുള്ള താമസമൊരുക്കി ശോഭ മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ 'തറവാട്' പ്രീമിയം ഓൾഡേജ് റിട്രീറ്റ്ഹോം സപ്തംബർ 4ന് മലപ്പുറം ജില്ലയിലെ തവനൂരിൽ പ്രവർത്തനം ആരംഭിക്കും. രണ്ട് ഏക്കറിൽ പൂർത്തിയായിരിക്കുന്ന കെട്ടിടസമുച്ചയത്തിൽ മൂന്ന് ലക്ഷ്വറി മുറികൾ ഉൾപ്പെടെ 22 മുറികളും ഓഫീസ്, അടുക്കള, സൗജന്യ വൈദ്യ സഹായം തുടങ്ങിയ സൗകര്യങ്ങളുമുണ്ട്.

വൃദ്ധരായ മാതാപിതാക്കൾക്ക് കുടുംബാന്തരീക്ഷത്തിൽ പരിചരണവും ശ്രദ്ധയും നൽകുകയാണ് 'തറവാട്' പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നതെന്ന് ശോഭ മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ പി.എസ്. മേനോൻ പത്രസമ്മേളനത്തിൽ പറഞ്ഞു.

65 വയസ്സിനുമേൽ പ്രായമുള്ള പുരുഷൻമാർക്കും 60 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുമാണ് തറവാട്ടിൽ താമസത്തിനുള്ള സൗകര്യമൊരുക്കിയിരിക്കുന്നത്. താമസത്തിന് ഒരാൾക്ക് അഞ്ച് ലക്ഷം രൂപയുടെ നിക്ഷേപവും കൂടാതെ പ്രതിമാസം ഏഴായിരം രൂപയും നൽകണം.

ദേശാഭിമാനി CHN
www.deshabhimani.com/vipani

## തറവാട് വൃദ്ധസദനം പ്രവർത്തനം തുടങ്ങുന്നു

**കൊച്ചി:** മലപ്പുറം ജില്ലയിലെ തവനൂരിൽ (കുറ്റിപ്പുറം) തറവാട് വൃദ്ധസദനം പ്രവർത്തനം തുടങ്ങുന്നു. തൃശൂർ സ്വദേശിയായ വിദേശമലയാളി പി എസ് മേനോൻ രൂപംനൽകിയ ശോഭ ചാരിറ്റബിൾ ട്രസ്റ്റാണ് 'തറവാട്' വൃദ്ധസദനം ആരംഭിക്കുന്നത്.

65 വയസ്സിനുമുകളിലുള്ള പുരുഷന്മാർക്കും 60 വയസ്സിനുമേലുള്ള സ്ത്രീകൾക്കും താമസിക്കാം. 1563 സ്ക്വയർമീറ്ററിൽ രണ്ടേക്കർ സ്ഥലത്താണ് തറവാട് സ്ഥിതിചെയ്യുന്നത്. മൂന്നു ലക്ഷ്വറി റൂമുകൾ ഉൾപ്പെടെ 22 മുറികൾ, ഓഫീസ്, അടുക്കള, ഡൈനിങ് റൂം എന്നീ സൗകര്യങ്ങളുണ്ട്. ഒരാൾക്ക് അഞ്ചുലക്ഷം രൂപ ഡെപ്പോസിറ്റും പ്രതിമാസം 7000 രൂപയുമാണ് ഫീസ്.

കേരളകൗമുദി 100
2011 ആഗസ്റ്റ് 30 ചൊവ്വ, കൊച്ചി

## പ്രീമിയം ഓൾഡേജ് റിട്രീറ്റ്ഹോം 'തറവാട്' പ്രവർത്തനം ആരംഭിച്ചു

കൊച്ചി: വിദേശ മലയാളി പി.എസ്. മേനോൻ ശോഭ മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ പേരിൽ നിർമ്മിച്ച പ്രീമിയം ഓൾഡേജ് റിട്രീറ്റ്ഹോം 'തറവാട്' മലപ്പുറം വെള്ളാഞ്ചേരി തവനൂരിൽ പ്രവർത്തനം ആരംഭിച്ചു. 65 വയസിനു മുകളിൽ പ്രായമുള്ള പുരുഷൻമാർക്കും 60 വയസിനു മുകളിലുള്ള സ്ത്രീകൾക്കും താമസിക്കാൻ രണ്ടേക്കറിൽ തയ്യാറാക്കിയ തറവാടിൽ മൂന്നു ലക്ഷ്വറി മുറികൾ ഉൾപ്പെടെ 22 മുറികളുണ്ട്.

മംഗളം 2011 ഓഗസ്റ്റ് 31
ബുധൻ EKM.

സ്വർണ്ണ 1800 ഡോളറിലാണ് നിക്ഷേപകർ
യിൽ സ്വർണം പവന് 20200 രൂപ.

## 'തറവാട്' പ്രവർത്തനം ആരംഭിക്കുന്നു

**കൊച്ചി:** ശോഭാ മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ നേതൃത്വത്തിൽ പി.എസ്. മേനോൻ 65 വയസിനു മേൽ പ്രായമുള്ള പുരുഷന്മാർക്കും 60 വയസിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുമായി മലപ്പുറം ജില്ലയിലെ വെള്ളാഞ്ചേരി, തവനൂർ എന്ന സ്ഥലത്ത് 'തറവാട്' എന്ന പേരിൽ ഓൾഡേജ് റിട്രീറ്റ് ഹോം ആരംഭിക്കുന്നു.

രണ്ട് ഏക്കർ സ്ഥലത്താണ് തറവാട് വ്യാപിച്ചുകിടക്കുന്നത്. തറവാട്ടിൽ താമസിക്കുന്നതിനായി ഒരു വ്യക്തിക്ക് അഞ്ചുലക്ഷം രൂപ ഡിപ്പോസിറ്റും പ്രതിമാസം 7000 രൂപയും നൽകണം.

THE NEW INDIAN EXPRESS
* KOCHI THURSDAY 1 SEPTEMBER 2011

# Sobha Group's Retreat for the Aged

**Kochi**: Aimed at providing succour to the elderly, the Sobha Memorial Charitable Trust is establishing an old age home 'Tharavadu' at Vellanchery, near Tavanur, in Malappuram district.

The elderly live in constant fear, the thought of fast approaching death, loneliness, physical difficulty, all leading to a mental breakdown, a premature aging of sorts. "It is this sense of emotional destitution that Sobha Memorial Trust seeks to reach out and change with their version of Tharavadu," said managing trustee and chairman P S Menon.

The idea of an old-age home may not be well accepted, though the notion is not entirely novel to Indian tradition. "With 'Tharavadu' it is the concept of a retreat for the elderly that we intend to introduce. It is a place where the elderly can spend their days amidst like-minded people, emphasising that people need not share ties of blood to show kinship to one another. Set in the midst of breathtakingly beautiful countryside, this facility comes with all amenities to make your life easier and more comfortable, Menon said. Tharavadu will also have attendants, friendly doctors and caring nurses available at all times.

**THARAVADU WILL HAVE ATTENDANTS, FRIENDLY DOCTORS AND CARING NURSES AVAILABLE AT ALL TIMES**

The initial investment for the construction of the facility comes to around ₹30 million, which is raised from the Trust's own funds. ENS

മെട്രോ
വാർത്ത

കൊച്ചി 2011 സെപ്റ്റംബർ 1 വ്യാഴം 5

# തറവാട് നാലിന് തുറക്കും

Kochi

**കൊച്ചി**

വാർധക്യത്തിൽ ഒറ്റപ്പെട്ടു പോകുന്നവർക്കു സംരക്ഷണവും കൂട്ടായ്മയും ഒരുക്കുന്ന തറവാട് എന്ന പ്രീമിയം ഓൾഡ് ഏജ് റിട്രീറ്റ് ഹോം മലപ്പുറം ജില്ലയിലെ വെള്ളാഞ്ചേരി തവനൂരിൽ നാലിനു പ്രവർത്തനം തുടങ്ങും. തൃശൂർ സ്വദേശിയും പ്രവാസി ബിസിനസുകാരനുമായ പി.എസ്. മേനോൻ രൂപം നൽകിയ ശോഭ മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റാണ് തറവാട് എന്ന സംരംഭത്തിനു പിന്നിൽ.

രണ്ടേക്കർ സ്ഥലത്തു മൂന്നു ലക്ഷ്വറി മുറികളടക്കം 22 മുറികൾ, ഓഫിസ്, അടുക്കള, ഡൈനിങ് റൂം, പ്രാർഥനാമുറി, കംപ്യൂട്ടർ - ഇന്റർനെറ്റ് സംവിധാനങ്ങൾ, റീഡിങ്- റിക്രിയേഷൻ സെന്റർ, ലൈബ്രറി എന്നിവയടക്കം എല്ലാ സൗകര്യങ്ങളും ഇവിടെയുണ്ട്. ഇതോടനുബന്ധിച്ച് ആരംഭിക്കുന്ന ആയുർവേദ- അലോപ്പതി ഹെൽത്ത് സെന്ററിൽ പ്രദേശത്തെ പാവപ്പെട്ട ജനങ്ങൾക്കും സൗജന്യ കൺസൽറ്റേഷൻ സൗകര്യമൊരുക്കുമെന്നു ട്രസ്റ്റ് ചെയർമാൻ പി.എസ്. മേനോൻ.

മൂന്നരക്കോടി രൂപയാണു തറവാട് പദ്ധതിക്കു ചെലവ്. 65 വയസിനു മേൽ പ്രായമുള്ള പുരുഷനും 60 വയസിനു മേൽ പ്രായമുള്ള സ്ത്രീക്കും പ്രവേശനം. ഒരു വ്യക്തിയിൽ നിന്ന് അഞ്ചുലക്ഷം രൂപ മടക്കിനൽകുന്ന ഡെപ്പോസിറ്റും പ്രതിമാസം ഏഴായിരം രൂപ ഫീസുമാണ് ഈടാക്കുക. ഒരു മുറിയിൽ ഒരാളേയുണ്ടാകൂ. സഹായിക്കും അവിടെ താമസിക്കാൻ അനുമതിയുണ്ടാകും. ഭാര്യാഭർത്താക്കന്മാർക്ക് ഒന്നിച്ചും താമസിക്കാം. കൂടുതൽ വിവരങ്ങൾ 0494- 6550001 എന്ന നമ്പരിൽ ലഭ്യം.

# വാർധക്യത്തിൽ ഒറ്റപ്പെടുന്നവർക്കായി തറവാട്

Malappuram

31/8/2011

**കൊച്ചി**

വാർധക്യത്തിൽ ഒറ്റപ്പെട്ടു പോകുന്നവർക്കു സംരക്ഷണവും കൂട്ടായ്മയും ഒരുക്കുന്ന തറവാട് എന്ന പ്രീമിയം ഓൾഡ് ഏജ് റിട്രീറ്റ് ഹോം മലപ്പുറം ജില്ലയിലെ വെള്ളാഞ്ചേരി തവനൂരിൽ നാലിനു പ്രവർത്തനം തുടങ്ങും.

തൃശൂർ സ്വദേശിയും പ്രവാസി ബിസിനസുകാരനുമായ പി.എസ്. മേനോൻ രൂപം നൽകിയ ശോഭ മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റാണ് തറവാട് എന്ന സംരംഭത്തിനു പിന്നിൽ.

രണ്ടേക്കർ സ്ഥലത്തു മൂന്നു ലക്ഷ്വറി മുറികളടക്കം 22 മുറികൾ, ഓഫിസ്, അടുക്കള, ഡൈനിങ് റൂം, പ്രാർഥനാമുറി, കംപ്യൂട്ടർ - ഇന്റർനെറ്റ് സംവിധാനങ്ങൾ, റീഡിങ്- റിക്രിയേഷൻ സെന്റർ, ലൈബ്രറി എന്നിവയടക്കം എല്ലാ സൗകര്യങ്ങളും ഇവിടെയുണ്ട്. ഇതോടനുബന്ധിച്ച് ആരംഭിക്കുന്ന ആയുർവേദ- അലോപ്പതി ഹെൽത്ത് സെന്ററിൽ പ്രദേശത്തെ പാവപ്പെട്ട ജനങ്ങൾക്കും സൗജന്യ കൺസൽറ്റേഷൻ സൗകര്യമൊരുക്കുമെന്നു ട്രസ്റ്റ് ചെയർമാൻ പി.എസ്. മേനോൻ.

മൂന്നരക്കോടി രൂപയാണു തറവാട് പദ്ധതിക്കു ചെലവ്. 65 വയസിനുമേൽ പ്രായമുള്ള പുരുഷനും 60 വയസിനു മേൽ പ്രായമുള്ള സ്ത്രീക്കും പ്രവേശനം.

ഒരു വ്യക്തിയിൽ നിന്ന് അഞ്ചു ലക്ഷം രൂപ മടക്കിനൽകുന്ന ഡെപ്പോസിറ്റും പ്രതിമാസം ഏഴായിരം രൂപ ഫീസുമാണ് ഈടാക്കുക.

ഒരു മുറിയിൽ ഒരാളേയുണ്ടാകൂ. സഹായിക്കും അവിടെ താമസിക്കാൻ അനുമതിയുണ്ടാകും. ഭാര്യാഭർത്താക്കന്മാർക്ക് ഒന്നിച്ചും താമസിക്കാം. കൂടുതൽ വിവരങ്ങൾ 0494- 6550001 എന്ന നമ്പരിൽ ലഭ്യം.

rolling Editor), Joy Thomas, E. Rudran Warrier, P.C Balakrishnan. Executive Artist: Thomas Antony. (*Responsible
: Vaartha Realty Media (P.) Ltd, 3rd Floor Kiliyamannil plaza building, Manjeri Road, Up Hill PO, Malappuram

# പ്രീമിയം ഓൾഡേജ് റിട്രീറ്റ് ഹോം, 'തറവാട്' തവനൂരിൽ പ്രവർത്തനമാരംഭിക്കുന്നു



കൊച്ചി: ജീവിത സായാഹ്നത്തിൽ മെച്ചപ്പെട്ട പരിചരണവും സാന്ത്വനവും ആഗ്രഹിക്കുന്ന വൃദ്ധജനങ്ങൾക്കായി സ്റ്റാർ സൗകര്യങ്ങളോടെ 'തറവാട്' എന്ന പേരിൽ റിട്രീറ്റ് ഹോം പ്രവർത്തനം തുടങ്ങുന്നു. മലപ്പുറം ജില്ലയിലെ വെള്ളാഞ്ചേരിയിൽ പ്രമുഖ എൻ ആർഐ ബിസിനസ്സുകാരനായ പിഎസ് മേനോൻ ആണ് 'തറവാട്' തയ്യാറാക്കുന്നത്.

മരിച്ചുപോയ തന്റെ ഭാര്യയുടെ ഓർമ്മ നിലനിർത്താനാണ് ഭാര്യ ജനിച്ച് വളർന്ന വെള്ളാഞ്ചേരി തന്നെ ഇതിനായി തെരഞ്ഞെടുത്തതെന്ന് കൊച്ചിയിൽ നടത്തിയ പത്ര സമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു.

വാർദ്ധക്യം, ഏറ്റവും കൂടുതൽ പരിഗണിക്കപ്പെടേണ്ടതും എന്നാൽ നമ്മുടെ സാമൂഹികാവസ്ഥയിൽ ഏറ്റവുമധികം അവഗണന ഏറ്റുവാങ്ങുന്നതുമായ കാലമാണിത്. വൃദ്ധസദനങ്ങളുടെ യാന്ത്രികതയിലോ മക്കളുടെ തിരക്കേറിയ ജീവിത ക്രമങ്ങൾക്കിടയിൽ തികഞ്ഞ അവഗണനയിലോ ആണ് ഇന്ന് ഭൂരിഭാഗം വയോധികരും. ഒരിക്കലും മരുന്ന്, ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നീ പ്രാഥമിക ആവശ്യങ്ങൾ കൊണ്ടുമാത്രം നേരിടാനാവുന്നതല്ല വാർദ്ധക്യത്തിന്റെ ആകുലതകൾ. സാന്ത്വനം നിറഞ്ഞ ഒരു വാക്കോ കരുണയുള്ള പരിചരണമോ ആണ് വാർദ്ധക്യകാലം ആവശ്യപ്പെടുന്നത്. പക്ഷേ ആർക്കും ഒന്നിനും നേരമില്ലാത്ത ഈ കാലഘട്ടത്തിൽ ജീവിത സായാഹ്നം, വിരസമായ വൃദ്ധസദനങ്ങളിൽ ചിലവഴിക്കപ്പെടാൻ വിധിക്കപ്പെടുന്ന മാതാപിതാക്കളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്നു. ഇവിടെയാണ് തറവാട് എന്ന മഹത് സരംഭത്തിന്റെ ദർശന ദീപ്തി തെളിയുന്നത്.

ജീവിതത്തിൽ നിന്നും തെളിച്ചമുള്ള നിറങ്ങൾ ഒഴിഞ്ഞുപോയി പകരം ആകുലതകളും ഏകാന്തതയും കൂട്ടിനെത്തുന്ന ജീവിത സാ

ടുന്ന എല്ലാ പ്രശ്നങ്ങൾക്കും സാന്ത്വനപൂർണ്ണമായ ഒരു പരിഹാരമാണ് മലപ്പുറം ജില്ലയിലെ വെള്ളാഞ്ചേരി, തവനൂർ (കുറ്റിപ്പുറം) എന്ന സ്ഥലത്ത് പ്രവർത്തനമാരംഭിക്കുന്ന തറവാട്. നിരവധിയാളുകൾ പരസ്പരം സ്നേഹിച്ചും പരിചരിച്ചും പങ്കുവയ്ച്ചും കഴിഞ്ഞ കേരളീയ തറവാടുകൾ എന്ന ആശയത്തെയാണ് തറവാട് ആവിഷ്കരിക്കുന്നത്. തൃശൂർ സ്വദേശിയും വിദേശമലയാളിയുമായ പിഎസ് മേനോൻ എന്ന വ്യക്തി രൂപം നൽകിയ ശോഭ മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റാണ് തറവാടിന് രൂപം നൽകിയത്. അകാലത്തിൽ അന്തരിച്ചുപോയ പ്രിയ പത്നിയുടെ സ്മരണാർത്ഥമാണ് വന്ദ്യ വയോധികർക്കായ് ഇങ്ങനെയൊരു സ്ഥാപനം അദ്ദേഹം സ്ഥാപിക്കുന്നത്. ഏത് ജാതിയിലും മതത്തിലും പെട്ട 65 വയസ്സിന് മേൽ പ്രായമുള്ള പുരുഷന്മാർക്കും 60 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കും ഈ തറവാ

വൃദ്ധ സദനങ്ങൾ നൽകുന്ന സഹതാപാർഹമായ ഒരു ചിത്രത്തിൽ നിന്നും വ്യത്യസ്തമായി വാർദ്ധക്യത്തിലെ ഊർജ്ജസ്വലവും വർണ്ണാഭവുമായ ഒരു കൂട്ടായ്മയാണ് തറവാടിലൂടെ സാക്ഷാത്കരിക്കപ്പെടുന്നത്. 1563 സ്ക്വയർ മീറ്റർ ഏരിയായിൽ 2 ഏക്കർ സ്ഥലത്തായാണ് തറവാട് വ്യാപിച്ചു കിടക്കുന്നത്. മൂന്ന് ലക്ഷ്വറി മുറികൾ ഉൾപ്പെടെ 22 മുറികൾ, ഓഫീസ്, അടുക്കള, ഡൈനിങ് റൂം എന്നിങ്ങനെ ഒരു വീടിനാവശ്യമായ എല്ലാ ഇടങ്ങളും തറവാട്ടിലുണ്ട്. സൗജന്യ അലോപ്പതി, ആയുർവേദിക് മെഡിക്കൽ കൺസൾട്ടേഷൻ, ഹെൽത്ത് സെന്റർ, റീഡിങ് കം റിക്രിയേഷൻ സെന്റർ, ടെലിഫോൺ, കമ്പ്യൂട്ടർ തുടങ്ങി എല്ലാ വിധ ആധുനിക ജീവിത സൗകര്യങ്ങളും എല്ലാ മതവിഭാഗങ്ങൾക്കും പ്രാർത്ഥിക്കുവാനുള്ള പ്രാർത്ഥനാമുറിയും യോഗാ ക്ലാസ്സുകളും ആത്മീയ പുസ്തകങ്ങളുള്ള ലൈബ്രറി എന്നിവയും ഇവിടെ

ത്തിൽ രോഗികളെ ആശുപത്രിയിൽ കൊണ്ടുപോകുന്നതിനുള്ള സൗകര്യം ഇവിടെയുണ്ട്. എന്നാൽ കഠിനമായ ശാരീരിക-മാനസിക അവശതകൾ ഉള്ളവരെയും പരാശ്രയം കൂടാതെ സ്വന്തം കാര്യങ്ങൾ നിർവ്വഹിക്കുവാൻ പ്രാപ്തിയില്ലാത്തവരെയും തൽക്കാലം തറവാട്ടിൽ താമസിപ്പിക്കുന്നില്ല.

തറവാട്ടിൽ താമസിക്കുന്നതിനായി ഒരു വ്യക്തിക്ക് 5 ലക്ഷം രൂപ ഡിപ്പോസിറ്റും പ്രതിമാസം 7,000 രൂപയും നൽകേണ്ടതുണ്ട്. ഡെപ്പോസിറ്റ് തുക റീഫണ്ട് ചെയ്യപ്പെടും. വാർദ്ധക്യ കാലത്തും സമൂഹജീവിയായിരിക്കുവാൻ ആഗ്രഹിക്കുന്ന ഒരു കൂട്ടം ആളുകളുടെ കൂട്ടായ്മ, വൃദ്ധമന്ദിരം എന്നതിലുപരി പ്രായമായവർക്ക് അവരുടെ തരക്കാരോടും പ്രായക്കാരോടും ഒത്ത് ചേർന്ന് കൊണ്ടുള്ള ഒരു സാമൂഹിക ജീവിതം അതാണ് തറവാട് എന്ന സ്ഥാപനം സാധ്യമാക്കുന്നത് എന്ന് ട്രസ്റ്റിന്റെ ചെയർമാൻ പിഎസ്